**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2790** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് സ്കോളർഷിപ്പ് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പഠിക്കുന്നവർക്കുള്ള ഇ- ഗ്രാന്റ് സ്കോളർഷിപ്പ് ഇനത്തിൽ എത്ര കോടി രൂപയുടെ കുടിശ്ശിക ഇനിയും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇ-ഗ്രാന്റ്സ് വിതരണത്തിൽ പട്ടികജാതി വിദ്യാർഥികൾക്ക് 203.7 കോടി രൂപയും, പട്ടികവർഗ വിദ്യാർഥികൾക്ക് 14.59 കോടി രൂപയും നിലവിൽ കുടിശ്ശികയുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് കുടിശ്ശിക എന്ന് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2021-22 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശിക വരുവാൻ കാരണമായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശ്ശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുകയും കുടിശ്ശിക തുക അനുവദിച്ച് വരികയും ചെയ്യുന്നു.<br><br>2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി . ഈ തുക അനുവദിച്ച് വരുന്നു. കുടിശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ